JAGRATHA 97

Vol-3, N0:22
30-06 - 2009

*Kerala Catholic Bishops' Council's*

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## അഭയകേസിലെ സിബിഐയുടെ നക്ഷത്രമെണ്ണൽ

അഭയാ കേസിൽ നാർ കോ അനാലിസിസ് പരിശോധന നടത്തിയ സിഡിയിൽ എഡിറ്റിംഗ് നടന്നു എന്ന് സിഡിറ്റ് പരിശോധനയിൽ തെളിഞ്ഞതോടെ സിബിഐ വീണ്ടും നക്ഷത്രമെണ്ണുന്നു. അല്ലെങ്കിൽ കോടതിയേയും പൊതുജനങ്ങളെയും ഒരുപോലെ നക്ഷത്രമെണ്ണിക്കുന്നു.ആരാണ് സിഡിയിൽ എഡിറ്റിംഗും ഓവർലാപ്പിംഗും നടത്തിയതെന്ന് തങ്ങൾ അന്വേഷണം നടത്തും എന്നാണ് ഏറ്റവും ഒടുവിലായി സിജെഎം കോടതിയിൽ സിബിഐ വിശദീകരിച്ചിരിക്കുന്നത്.

### നാർകോ സിഡി തന്നെ വ്യാജമായാൽ സിഡിയുടെ അടിസ്ഥാനത്തിൽ എങ്ങനെ അറസ്റ്റ് ചെയ്യാം?

നാർകോ അനാലിസിസ് ചെയ്ത സിഡി വ്യാജമാണെന്ന് സിബിഐ ഇപ്പോൾ പറയുന്നു. അഭയ കേസ് അന്വേഷണ ഉദ്യോഗസ്ഥന്റെയും ഹൈക്കോടതി നിയമിച്ച അഭിഭാഷക കമ്മീഷന്റെയും സാന്നിധ്യത്തിലാണ് സിഡികൾ പരിശോധിച്ചത്. രണ്ടു മിനിറ്റു ദൈർഘ്യമുള്ള എഴുപതോളം എഡിറ്റിംഗ് നടന്നിരുന്നുവെന്ന് സിഡിറ്റിലെ വിദഗ്ധർ വെളിപ്പെടുത്തി. സിഡി മുഴുവൻ പരിശോധിക്കാൻ ഹൈക്കോടതി സിഡിറ്റിനോട് ആവശ്യപ്പെട്ടിരുന്നില്ല. സിഡിയിൽ കൃത്രിമം നടന്നോ എന്നുമാത്രമേ പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നുള്ളൂ. സിഡി മുഴുവൻ പരിശോധിച്ചിരുന്നെങ്കിൽ ആയിരത്തിലധികം ഭാഗങ്ങളിൽ എഡിറ്റിംഗ് നടത്തിയിട്ടുണ്ടാവുമെന്ന് സിഡിറ്റിലെ വിദഗ്ധർ തന്നെ അവകാശപ്പെടുന്നു. സിഡിറ്റിൽ പരിശോധിക്കുമ്പോൾ അഭയ കേസ് ഇപ്പോൾ അന്വേഷിക്കുന്ന സിബിഐ സംഘം തലവൻ ഡിവൈഎസ്പി നന്ദകുമാരൻ നായരും അഭിഭാഷക കമ്മിറ്റിയിലെ അംഗങ്ങളുടെയും സാന്നിധ്യത്തിലായിരുന്നു. അതിനാൽ പരിശോധനയിൽ കുറ്റം പറയാൻ സിബിഐയ്ക്കു സാധിക്കില്ല.

### സിബിഐ ഇപ്പോൾ പറയുന്നു; സിഡി എഡിറ്റുചെയ്യും

ഇപ്പോൾ സിബിഐ ഉന്നയിക്കുന്ന പുതിയ ആരോപണം ഇതാണ്. എല്ലാ നാർകോ അനാലിസിസ് പരിശോധനയിലും ദൃശ്യങ്ങൾ പകർത്തുന്ന സിഡിയിൽ എഡിറ്റിംഗ് നടത്താറുണ്ട്. നാർകോ അനാലിസിസിന് വിധേയമാകുന്ന വ്യക്തി ഓഫീസിൽ വരുമ്പോൾ മുതൽ ദൃശ്യങ്ങൾ പകർത്തിതുടങ്ങും. പിന്നീട് നാർകോ അനാലിസിസിന് വിധേയമാക്കുമ്പോൾ ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ നൽകുന്നതിനും ഇടവേളവരും. മയക്കുമരുന്നിന്റെ ശക്തിയിൽ ചോദ്യങ്ങൾ ചോദിക്കുമ്പോൾ തന്നെ മയങ്ങിപ്പോകുക, ഛർദിക്കുക, ബാത്ത്റൂമിൽ പോകുക, വെള്ളം കുടിക്കുക ഇത്തരം കാര്യ

ഇത്തരത്തിൽ നിന്നുള്ള ഒരു സിഡിയിൽ നിന്നും കോടതി എങ്ങനെ സത്യം കണ്ടെത്തും. അതുമാത്ര മല്ല എഡിറ്റു ചെയ്യുന്ന സിഡിയിൽ നിന്നും പരിശോധനയ്ക്കു വിധേയമാകുന്ന വ്യക്തി അനുഭവി ക്കുന്ന മാനസിക-ശാരീരിക പീഡനങ്ങൾ കോടതിക്കു ബോധ്യമാകുന്നില്ല. നാർകോ അനാലിസിസ് പരിശോധനയ്ക്കിടയിൽ തന്നെ മരുന്നിന്റെ ശക്തിയിൽ ഉറങ്ങിപ്പോവുകയും ഛർദിക്കുകയും ചെയ്യു ന്നുഎന്ന് സിബിഐ തന്നെ കോടതിയിൽ സമ്മതിച്ചിട്ടുണ്ട്. അത്തരം അതികഠിനമായ പീഡനങ്ങൾ മറച്ചുവെയ്ക്കാൻ കൂടിയാവില്ലേ സിഡികൾ എഡിറ്റു ചെയ്യുന്നത്. അതു മാത്രവുമല്ല അനാവശ്യവും അശ്ലീലവും മാനസികമായി തകർത്തു കളയുന്ന തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുകയും അതി ലൂടെ നാർകോ അനാലിസിസിന് വിധേയമാകുന്ന വ്യക്തിയെ തളർത്തുന്ന രീതിയും പരിശോധകർ നിർവഹിക്കുന്നു.ചോദ്യങ്ങൾ ചോദിക്കുക മാത്രമല്ല ചോദ്യങ്ങളിൽ കൂടി ഭീഷണിപ്പെടുത്തുകയും ചെയ്യു ന്നതും പരിശോധകരുടെ രീതിയാണ്. ഇതെല്ലാം എഡിറ്റു ചെയ്തു മാറ്റുന്നു എന്നതാണ് നാർകോ അനാലിസിസ് സിഡിയിൽ സംഭവിക്കുന്നത്. സിബിഐയും നാർകോ അനാലിസിസ് പരിശോധകരും തമ്മിൽ നടത്തുന്ന ഇത്തരം വലിയ വലിയ കള്ളത്തരങ്ങളാവും മാസ്റ്റർ സിഡി കണ്ടെത്തുന്നതോടെ പൊളിയുന്നത്. പൊളിഞ്ഞുവീഴുന്നത്

## സിബിഐയോടു ചില ഓർമപ്പെടുത്തലുകൾ

ഡിവൈഎസ്പി നന്ദകുമാരൻ നായർ അഭയാകേസ് അന്വേഷണത്തിന്റെ ചുമതല ഏറ്റെടുക്കുന്നത് ഹൈക്കോടതിയുടെ നിർദേശം അനുസരിച്ചാണ്. അതുവരെ അന്വേഷണം നടത്തിയിരുന്ന സിബിഐ ഡൽഹി യൂണിറ്റിലെ ഡിവൈഎസ്പി ആർ.കെ അഗർവാളിനെതിരെ ജസ്റ്റീസ് രാംകുമാർ രൂക്ഷമായ പരാമർശങ്ങൾ നടത്തി അന്വേഷണ സംഘത്തിൽ നിന്നു മാറ്റുകയായിരുന്നു. സിഡി കാര്യത്തിൽ കോടതിയെ തെറ്റിദ്ധരിപ്പിച്ച ഡിവൈഎസ്പി ആർ.കെ അഗർവാളിനെതിരെ നടപടി ഉണ്ടാകുമെന്നും രാംകുമാർ വിധിയിൽ പ്രസ്താവിച്ചിരുന്നു. ബാംഗ്ളൂർ ഫോറൻസിക് ലാബിൽനിന്നും മൂന്നുസിഡികൾ 2007 ഒക്ടോബർ 7ന് സിബിഐ ഇസ്പെക്ടർ ലാൽമോഹൻ ചൗധരിക്ക് കൈമാറിയതിന് രേഖാമൂ ലം തെളിവുണ്ട്. എന്നാൽ അഗർവാൾ രാംകുമാർ ബഞ്ച് മുമ്പാകെ ഹാജരാക്കിയത് ഒരു സിഡിമാ ത്രമാണ്. ഫോറൻസിക് ലാബിൽ നിന്നു ഡോ. മാലിനി സിബിഐ യ്ക്ക് നൽകിയത് ഒരു സിഡി മാത്രമാണെന്നും അഗർവാൾ ബോധിപ്പിച്ചിരുന്നു.

ഈ അവസരത്തിലാണ് രാംകുമാർ അഗർവാളിനെ രൂക്ഷമായി വിമർശിക്കുകയും കോടതിയെ തെറ്റി ദ്ധരിപ്പിച്ചതിന് നടപടി ഉണ്ടാകുമെന്നും എന്നാൽ, കേസന്വേഷണം തുടരന്നതിന് ഇത് തടസമല്ലെന്നും വിധിച്ചത്. തുടർന്നുള്ള രാംകുമാർ ബഞ്ചിന്റെ വിധി ഇങ്ങനെ തുടരുന്നു. " തുടരന്വേഷണം സി ബിഐയുടെ കേരള ഘടകം നടത്തണം.തുടരന്വേഷണത്തിന് സത്യസന്ധതയും ആർജവവും ഉള്ള വരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ ടീമിനെ സിബിഐ പ്ര ഖ്യാപിക്കണം. എറണാകുളം സിജെഎം കോടതി അന്വേഷണം നിരീക്ഷിക്കണം." തുടർന്ന് കോടതി വളരെ പ്രസക്തമായ ഒരു നി രീക്ഷണം കൂടി നടത്തുകയുണ്ടായി. " സിഡിയിൽ ലഭ്യമല്ലാത്തത് ഏറ്റവും പ്രസക്തമായ ഭാഗമാണ്."

ജസ്റ്റീസ് രാംകുമാറിന്റെ വിധിയെത്തുടർന്ന് ഡിവൈഎസ്പി അഗർവാളിനെ അന്വേഷസംഘത്തിൽ നിന്ന് ഒഴിവാക്കുകയും പകരം മലയാളിയായ ഡിവൈഎസ്പി നന്ദകുമാരൻ നായരെ അന്വേഷണം ഏൽപിക്കുകയും ചെയ്തു. അദ്ദേഹം അന്വേഷണം ഏറ്റെടുത്ത് ദിവസങ്ങൾക്കകം നവംബർ പതിനെ ട്ടിന് മൂന്നു കുറ്റാരോപിതരെയും അറസ്റ്റുചെയ്തു. നന്ദകുമാരൻ നായർ പുതുതായി കുറ്റാരോപിതരെ നാർകോ അനാലിസിസ് പരിശോധനയ്ക്കു വിധേയമാക്കിയിട്ടില്ല. 'സിഡിയിൽ ലഭ്യമല്ലാത്തത് ഏറ്റ വും പ്രസക്തമായ ഭാഗം' എന്ന് കോടതി നിരീക്ഷിച്ച സിഡിയല്ലാതെ പുതുതായി ഒരു സിഡി കണ്ടെ

ടുത്തതായി ഡിവൈഎസപി നന്ദകുമാരൻ നായർ കോടതിയിൽ ബോധിപ്പിച്ചിട്ടില്ല. ഏറ്റവും പ്രസക്തമായ ഭാഗം 'ലഭ്യമല്ലാത്ത' സിഡിയിൽ നിന്നും അദ്ദേഹം എങ്ങനെ കുറ്റാരോപിതരെ കണ്ടെത്തി എന്നതാണ്.

## സിഡിയിൽ കൃത്രിമം നടന്നുവെന്ന് പറയാൻ രണ്ടു ജഡ്ജിമാർക്കും ഒരേ നാവ്

കോടതി പോലും സിഡിയിൽ കൃത്രിമം നടന്നുവെന്ന് ചൂണ്ടിക്കാണിച്ചിട്ടും യഥാർഥ സിഡി കണ്ടെത്താനോ സിഡിയിൽ ആരാണ് കൃത്രിമം നടത്തിയതെന്ന് കണ്ടെത്താനോ ശ്രമിക്കാതെയാണ് മൂന്നുപേരെ അറസ്റ്റുചെയ്തത്. അതായത് എത്രയും പെട്ടെന്ന് പ്രതികളെ കണ്ടെത്തി അറസ്റ്റ്ചെയ്ത് സിബിഐയുടെ മുഖം രക്ഷിക്കുക എന്ന നടപടി മാത്രമേ അദ്ദേഹത്തിന്റെ അന്വേഷണ പരിധിയിൽ ഉണ്ടയിരുന്നുള്ളൂ എന്ന് ഇതിൽ നിന്നു വ്യക്തമാകും. ഡിവൈഎസ്പി അഗർവാളിന്റെ അന്വേഷണത്തിൽ നിന്നും സാങ്കേതികമായി അല്പം പോലും പുരോഗതി ഡിവൈഎസ്പി നന്ദകുമാരൻ നായരുടെ അന്വേഷണത്തിൽ ഉണ്ടായില്ലെന്ന് വ്യക്തം. കുറ്റാരാപിതരായ മൂന്നുവ്യക്തികളെ കോളിളക്കം സൃഷ്ടിച്ച് അറസ്റ്റ് ചെയ്തതിനുശേഷം അവരുടെ കുറ്റപത്രം സമർപ്പിക്കാതെ റിമാൻഡ് നീട്ടിക്കൊണ്ടുപോകുന്ന നടപടിയാണ് നന്ദകുമാൻ നായരുടെ നേതൃത്വത്തിലുള്ള സിബിഐ ടീം നടത്തിയിരുന്നത്. ഇതിനെതിരെ കുറ്റാരോപിതർ നൽകിയ ഹർജി പരിഗണിച്ച ജസ്റ്റീസ് ഹേമയുടെ ബഞ്ചും സിഡിയിൽ കൃത്രിമം നടത്തിയെന്ന് കണ്ടെത്തി. എന്നാൽ കൃത്രിമം നടത്തിയവരെക്കുറിച്ചുള്ള ഹേമയുടെ വിധി വ്യത്യസ്തമായിരുന്നു. ജസ്റ്റീസ് രാംകുമാർ സിഡിയിൽ കൃത്രിമം നടത്തിയത് സിബിഐ ആണെന്ന് തന്റെ വിധിന്യായത്തിൽ പറഞ്ഞപ്പോൾ ജസ്റ്റീസ് ഹേമ സിഡിയിൽ കൃത്രിമത്വം നടത്തിയത് ബാംഗളൂർ ഫോറൻസിക് ലാബിലെ ഡോ. മാലിനിയാണ് എന്നു പറഞ്ഞു. നാർകോ അനാലിസിസ് പരിശോധന നടത്തിയ സിഡിയിൽ കൃത്രിമത്വം നടന്നുവെന്ന് ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാർക്കും സംശയം ഉണ്ടായിരുന്നില്ല. പക്ഷേ അതാരെന്ന് കണ്ടെത്താൻ സിബിഐക്ക് സാധിച്ചില്ല. അല്ലെങ്കിൽ അവർ അതിന് ശ്രമിച്ചില്ല.

## കൃത്രിമം നടത്തിയത് ആര്?

ഡിവൈഎസ്പി അഗർവാൾ നടത്തിയ അന്വേഷണവും നാർകോ അനാലിസിസ് പരിശോധനയും അറസ്റ്റിലേക്ക് നയിക്കുന്ന തരത്തിൽ കൃത്രിമം നടത്തിയത് പിന്നീട് വന്ന ഉദ്യോഗസ്ഥരല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇവരെ ആ രീതിയിൽ ആരാണ് സഹായിച്ചിരിക്കുന്നത് എന്നും അന്വേഷണത്തിൽ കണ്ടെത്തണം.

എത്രയും പെട്ടെന്ന് അറസ്റ്റ് നടത്തി സിബിഐയുടെ മുഖം രക്ഷിക്കുക എന്ന ഒറ്റ ഉദ്ദേശത്തോടുകൂടിയാണ് ഡിവൈഎസ്പി നന്ദകുമാരൻ നായരുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം പ്രവർത്തനം ആരംഭിച്ചതു തന്നെ. മുൻ സിബിഐ അന്വേഷണ സംഘമെല്ലാം ചോദ്യം ചെയ്യുകയും കൊലപാതക തെളിവുകളിലേക്ക് നയിക്കുന്ന മൊഴികളുടെ അഭാവത്തിൽ വിട്ടുകളയുകയും ചെയ്ത അടയ്ക്ക രാജു, എന്ന മോഷ്ടാവ്, സഞ്ജയ് എന്നിവരെ തന്നെയാണ് ഡിവൈഎസ്പി നന്ദകുമാരൻ നായരും ചോദ്യ ചെയ്തത്.

സഞ്ജയിനെ ചോദ്യം ചെയ്യുകയും സഞ്ജയ് എറണാകുളം സിജെഎം കോടതിയിൽ കൊടുത്ത രഹസ്യം മൊഴിയുടെ അടിസ്ഥാനത്തിലാണ് കുറ്റാരോപിതർ എന്നു പറയുന്ന മൂന്നുപേരെ അറസ്റ്റു ചെയ്തത്. വളരെ ശക്തമായ തെളിവുകളുടെയാണ് കുറ്റാരോപിതരെ അറസ്റ്റുചെയ്തത് എങ്കിൽ

അഭയകേസിലെ സംഭവഗതികൾ ഗൗരവമായി വീക്ഷിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം സിബിഐ സ്വയം നക്ഷത്രമെണ്ണുന്നു അല്ലെങ്കിൽ ജനങ്ങളെ കൊണ്ട് നക്ഷത്രമെണ്ണിക്കുന്നു എന്നു പറയുന്നത്.

## സംശയത്തിന്റെ പുകപരത്തുന്നത് ആരാണ്?

നാർകോ അനാലിസിസ് നടത്തിയ സിഡിയിൽ കൃത്രിമം നടന്നുവെന്ന സിഡിറ്റിൽ നടന്ന പരിശോധനയിൽ പുറത്തുവന്നപ്പോൾ വ്യാപകമായി പരന്ന സംശയം ഇതാണ്. ഇപ്പോൾ ജാമ്യത്തിലുള്ള കുറ്റാരോപിതർ തന്നെയാണ് സിഡിയിൽ എഡിറ്റിംഗ് നടത്തുന്നതിന് പിന്നിൽ. ഈ സിഡിയിൽ ഉണ്ടെന്ന മട്ടിൽ നിരവധി കഥകളും ഏതാനും മാധ്യമങ്ങൾ വഴി ചില കേന്ദ്രങ്ങൾ പ്രചരിപ്പിച്ചിരുന്നു. നാർകോ പരിശോധനയിൽ കുറ്റാരോപിതർ സിസ്റ്റർ അഭയയെ തലയ്ക്കടിച്ചു കൊലപ്പെടുത്തി കിണറ്റിലിട്ടതായി സമ്മതിച്ചെന്ന മട്ടിലായിരുന്നു പ്രചാരണങ്ങളുടെ പോക്ക്. എന്നാൽ, ഇപ്പോൾ കേൾക്കുന്നു സിഡിയിൽ ഉള്ള ഭാഗങ്ങളിൽ തലയ്ക്കടിച്ചു കിണറ്റിലിട്ടതായി കുറ്റാരോപിതർ സമ്മതിക്കുന്നില്ലത്രേ. (ഇങ്ങനെയുള്ള കാര്യങ്ങൾ എഡിറ്റ് ചെയ്തു പോയ ഭാഗങ്ങളിൽ ഉണ്ടായിരുന്നിരിക്കാമെന്നാണ് ഇപ്പോൾ അന്വേഷകരുടെ 'വിലയിരുത്തൽ'.) അതായത്, നിലവിലുള്ള സിഡിയിൽ കുറ്റാരോപിതർ തലയ്ക്കടിച്ചു കൊലപ്പെടുത്തി കിണറ്റിലിട്ടതായി സമ്മതിക്കുന്ന ഭാഗം ഇല്ല. കുറ്റാരോപിതർ ആക്കപ്പെട്ടവർ ഇന്നേവരെ കുറ്റം സമ്മതിച്ചിട്ടുമില്ല. അപ്പോൾ പിന്നെ നേരത്തെ പ്രചരിപ്പിച്ചിരുന്ന കഥകൾ അന്വേഷണസംഘത്തിന് എവിടെനിന്നു ലഭിച്ചു? സിഡിയിൽ പ്രതിഭാഗം തന്നെ കൃത്രിമം ചെയ്തെന്നാണ് ഇപ്പോൾ സിബിഐയിൽനിന്നു ലഭിക്കുന്ന വിവരം എന്ന രീതിയിൽ ചില മാധ്യമങ്ങളിൽ കാണുന്നത്. എന്നാൽ സാമാന്യ യുക്തിക്കുപോലും നിരക്കുന്നതല്ല ഈ വാദമെന്ന് ആർക്കും മനസിലാവും. ഇപ്പോൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുന്ന രീതിയിൽ കൃത്രിമം നടത്താൻ തക്ക കഴിവും സ്വാധീനശക്തിയുമുള്ളവരാണ് അറസ്റ്റിലായ കുറ്റാരോപിതർ എങ്കിൽ എന്തുകൊണ്ട് സിഡിയിൽ അവശേഷിക്കുന്ന പ്രതികൂലഭാഗം കൂടി നീക്കം ചെയ്തു കേസിൽനിന്നേ സുരക്ഷിതരായില്ല എന്ന ചോദ്യത്തിന് ആരും ഉത്തരം നൽകുന്നില്ല. അല്ലെങ്കിലും അഭയാ കേസുമായി ബന്ധപ്പെട്ടു കഥകളല്ലാതെ വിശ്വസനീയമായ ഒരു തെളിവെങ്കിലും ഇന്നേവരെ ആരും ചൂണ്ടിക്കാട്ടിയിട്ടില്ല. കുറ്റാരോപിതർക്കു ജാമ്യം നൽകിക്കൊണ്ട് ജസ്റ്റീസ് കെ.ഹേമ പുറപ്പെടുവിച്ച വിധിന്യായം ഒന്നോടിച്ചു വായിച്ചു നോക്കിയാൽ മതിയാകും അന്വേഷണ സംഘത്തിന്റെ പരാക്രമങ്ങളും ഉരുണ്ടുകളിയും കണ്ട് മൂക്കത്ത് വിരൽ വയ്ക്കാൻ.

## സിബിഐ ഉത്തരം പറയേണ്ട ചോദ്യങ്ങൾ

സിഡികളുടെ ആധികാരികതയെക്കുറിച്ചു അന്വേഷിക്കാൻ സിബി ഐ ഭയപ്പെട്ടിരുന്നോ ?
അവസാനം കോടതി നിർദേശപ്രകാരം വിദഗ്ധ പരിശോധനയിൽ, സിഡിയിൽ കൃത്രിമം നടന്നതു തെളിഞ്ഞതോടെ സിബിഐ അന്വേഷണത്തിന് ഇറങ്ങിപ്പുറപ്പെടുകയാണത്രേ. ആരാണ് സിഡിയിൽ കൃത്രിമം കാണിച്ചതെന്നു വ്യക്തമല്ല. പ്രതിഭാഗത്തിനും ലാബ് അധികൃതർക്കും നേരേയാണ് സിബിഐ ഇപ്പോൾ വിരൽ ചൂണ്ടുന്നത്. അങ്ങനെ സംശയത്തിന്റെ നിഴലിൽ നിൽക്കുമ്പോൾ സിബിഐ തന്നെ ഈ കേസ് അന്വേഷിക്കുന്നതു ഉചിതമാണോ ? അതും ഈ സംഘം തന്നെ അന്വേഷിക്കുന്നതിനെ ന്യായീകരിക്കാനാകുമോ ? അത് എത്രത്തോളം വിശ്വസനീയമാകും ?സിബിഐ പീഡിപ്പിച്ചതിനാൽ ജീവനൊടുക്കുന്നുവെന്നു കുറിപ്പെഴുതിവച്ചു മരിച്ച എഎസ്ഐ അഗസ്റ്റിന്റെ മരണം അന്വേഷിക്കുമെന്നു പ്രഖ്യാപിച്ചതും ഈ അന്വേഷണസംഘം തന്നെയായിരുന്നല്ലോ.
ഇതെല്ലാം അന്വേഷിക്കേണ്ടത് ആരാണ് എന്നതാണ് ഇന്നത്തെ നിലയിൽ അഭയാകേസിൽ ഏറ്റവും പ്രസക്തമായത്.